## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1436 — 31-10-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച അടിയന്തര സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ദാസൻ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ആകെ എത്ര തുകയ്ക്കുള്ള നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) | 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 2101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്. |
| ബി) | പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച അടിയന്തര സഹായമായ പതിനായിരം രൂപ കോഴിക്കോട് ജില്ലയിലെ എത്ര കുടുംബങ്ങൾക്ക് നൽകി കഴിഞ്ഞിട്ടുണ്ടെന്നും സഹായധനം ഇനിയും കൈമാറാൻ ബാക്കി കിടക്കുന്നത് എത്ര കുടുംബങ്ങൾക്കാണെന്നും വ്യക്തമാക്കാമോ ; | ബി) | കോഴിക്കോട് ജില്ലയിലെ 19621 കുടുംബങ്ങൾക്ക് ധനസഹായം കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 546 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി നടന്നു വരുന്നു. |
| സി) | ചില കുടുംബങ്ങൾക്ക് സഹായധനം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | സി) | ബാങ്കിംഗ്, ട്രഷറി ഓൺലൈൻ തടസ്സങ്ങൾ ഉള്ളതിനാലും ദുരിത ബാധിതർ നൽകിയ അക്കൗണ്ട് വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും ചില കുടുംബങ്ങൾക്ക് ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടില്ല. |
| ഡി) | ഇതുമായി ബന്ധപ്പെട്ട ബാങ്കിംഗ്, ട്രഷറി,ഓൺലൈൻ തടസ്സങ്ങൾ നീക്കാൻ അടിയന്തര നടപടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | ഡി) | ബാങ്കിംഗ്, ട്രഷറി ഓൺലൈൻ തടസ്സങ്ങൾ നീക്കി തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഇ) | കൊയിലാണ്ടി താലൂക്കിൽ എത്ര പേർക്ക് പതിനായിരം രൂപ വീതം നൽകി കഴിഞ്ഞുവെന്നും ഇനിയും എത്രപേർക്ക് നൽകുവാനുണ്ടെന്നും അറിയിക്കുമോ ? | ഇ) | കൊയിലാണ്ടി താലൂക്കിൽ 2195 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 44 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ